## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1568

04.12.2018 - ൽ
മറുപടിയ്ക്ക്

### വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| പ്രളയത്തിൽ തകർന്നുപോയ കുട്ടനാട് നിയോജകമണ്ഡലത്തിലെ കർഷകർക്ക് വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ മിതമായ വിലയ്ക്ക് ലഭ്യമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കേരളത്തിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർഷകർക്ക് നെൽ വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായി 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് പുതുക്കിയ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ഇതിൽ പച്ചക്കറി വിത്ത് വിതരണം, നെൽവിത്ത് വിതരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ കൃഷി പുനരുദ്ധാരണത്തിനും, പുതുകൃഷി ആരംഭിക്കുന്നതിനുമായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ സൗജന്യ നെൽവിത്ത് വിതരണം, പച്ചക്കറി വിത്ത് പാക്കറ്റ് വിതരണം, പച്ചക്കറി തൈകൾ വിതരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വളം, കീടനാശിനി എന്നിവയ്ക്കുള്ള ആനുകൂല്യം 2018-19 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന വിവിധ വിള വികസന പദ്ധതികൾ, മണ്ണ് പരിപോഷണ പദ്ധതി, എന്നിവയിലൂടെ കർഷകർക്ക് നൽകി വരുന്നു. ഈ ആനുകൂല്യങ്ങൾ കുട്ടനാട് നിയോജക മണ്ഡലത്തിലെ കർഷകർക്കും ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ